**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **20-01-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങൾക്ക് സെപ്ഷ്യൽ റിക്രൂട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി കെ അബ്ദു റബ്ബ് ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . പി . ഉബൈദുള്ള** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | മുസ്ലീം വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വിവിധ സമുദായങ്ങൾക്ക് സംവരണ പ്രകാരമുള്ള നിയമനത്തിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടെങ്കിൽ അവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അഖിലേന്ത്യാ നാടാർ അസോസിയേഷൻ ഫയൽ ചെയ്ത WP(C)No.5489/2007 റിട്ട് ഹർജിയിലെ ബഹു.കേരളാ ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച കൊണ്ട് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ /സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതുകുന്ന തരത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportal ആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തു വരികയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള രാജ്ഭവൻ, സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഫീൽഡ് വകുപ്പുകൾ തുടങ്ങിയ 99 സർക്കാർ വകുപ്പുകളിലെ 96.26% ജീവനക്കാരുടെ വിവരങ്ങൾ 12/01/2021 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു. സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാർ വകുപ്പുകളിലേയും, മുഴുവൻ സ്ഥിരജീവനക്കാരുടെയും, വിവരങ്ങൾ ഈ വെബ്പോർട്ടലിൽ ചേർത്ത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ സംസ്ഥാനത്തെ മുസ്ലീം വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള അർഹമായ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളു. |
| (സി) | ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അഖിലേന്ത്യാ നാടാർ അസോസിയേഷൻ ഫയൽ ചെയ്ത WP(C)No.5489/2007 റിട്ട് ഹർജിയിലെ ബഹു.കേരളാ ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ട് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ /സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportal ആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തു വരികയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള രാജ്ഭവൻ, സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഫീൽഡ് വകുപ്പുകൾ തുടങ്ങിയ 99 സർക്കാർ വകുപ്പുകളിലെ 96.26% ജീവനക്കാരുടെ വിവരങ്ങൾ 12/01/2021 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിലേയും, മുഴുവൻ സ്ഥിരജീവനക്കാരുടെയും, വിവരങ്ങൾ ഈ വെബ്പോർട്ടലിൽ ചേർത്ത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ സംസ്ഥാനത്തെ മുസ്ലീം വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള അർഹമായ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ